"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനു അവസരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1626/2026/LSGD തീയതി,തിരുവനന്തപുരം, 29-08-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.16/2026/LSGD; തീയതി 12.01.2026
2. സ.ഉ (സാധാ) നം.1091/2026/തസ്വഭവ; തീയതി 02.06.2026
3. സ.ഉ.(സാധാ) നം.1248/2026/LSGD; തീയതി 06.07.2026
4. സ.ഉ.(സാധാ) നം.1288/2026/LSGD; തീയതി 15.07.2026
5. സ.ഉ.(സാധാ) നം.1399/2026/LSGD; തീയതി 29.07.2026
6. സ.ഉ.(സാധാ) നം.6348/2026/ധന; തീയതി 07.08.2026
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2026ലെ LSGD/PD/26609/2026-DPLD1 നമ്പർ കത്ത്
8. സ.ഉ.(സാധാ) നം.1551/2026/LSGD; തീയതി 18.08.2026

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനും, വാർഷിക പദ്ധതിക്ക് യഥാകാലം അംഗീകാരം ലഭ്യമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിനും പരാമർശം 2 പ്രകാരം മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിയും വിശദീകരണം നൽകിയും പരാമർശം 3 ഉത്തരവും, അതിനു ശേഷം പരാമർശം 4 ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആയി നിജപ്പെടുത്തിയിരുന്നത്, പരാമർശം 5 ഉത്തരവ് പ്രകാരം ഓഗസ്റ്റ് 15 വരെ ദീർഘിപ്പിച്ചും നൽകിയിരുന്നു.

2. പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അന്തിമമാക്കാത്ത സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ഇപ്പോൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ലെന്നും, മാർഗ്ഗരേഖ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഇതിനുള്ള

പ്രൊജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അവസരം നൽകുന്നതാണെന്നും പരാമർശം 4 ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച അധിക മാർഗനിർദ്ദേശങ്ങൾ പരാമർശം 8 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

3. നഗര തദ്ദേശസ്ഥാപനങ്ങൾക്ക് 2025-26 ലെ സ്പിൽ ഓവർ പദ്ധതികളുടെ ബില്ലുകൾ മാറുന്നതിനായി പരാമർശം 6 പ്രകാരം സർക്കാർ അധിക വിഹിതം അനുവദിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ പുതിയ ഉത്തരവിന്റെ പശ്ചാത്തലത്തിൽ, പ്രസ്തുത തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലെ പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്നും, അതിനാൽ ഡി.പി.സി അംഗീകാരം ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പിൽ ഓവർ പ്രോജക്ടുകളിലും നടപ്പ് വർഷത്തെ പ്രോജക്ടുകളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സമയം ആവശ്യമുള്ളതിനാൽ പ്രോജക്ടുകൾ ഡി.പി.സി. ക്ക് സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 7 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പരാമർശം 8 ഉത്തരവ് പാലിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും, സ്പിൽ ഓവർ ആവശ്യത്തിലേക്കായി പരാമർശം 6 പ്രകാരം നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച അധിക തുക ഉപയോഗപ്പെടുത്തുന്നതിനും, മറ്റ് അനിവാര്യ ഭേദഗതികൾക്കുമായി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർ പ്പിക്കുന്നതിനായി **സെപ്റ്റംബർ 10** വരെ അവസരം നൽകി ഉത്തരവാകുന്നു. ഇതിന് ആവശ്യമായ സൗകര്യങ്ങൾ ഐ.കെ.എം. ഒരുക്കേണ്ടതാണ്. ഇതിന് ശേഷം വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള സമയ പരിധി നീട്ടി നൽകുകയില്ല എന്നതിനാൽ, വാർഷിക പദ്ധതി യഥാസമയം അന്തിമമാക്കി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by Viraj K
Date: 29-08-2026 16:00:07

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്